പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 618 — 11.07.2012 ൽ മറുപടിക്ക്

## സ്വർണ്ണശേഖരമുള്ള ബാങ്കുകളിലെ സുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി.സുധാകരൻ<br>,, കെ.കെ.നാരായണൻ<br>,, കോലിയക്കോട് എൻ കൃഷ്ണൻ നായർ<br>,, എം. ഹംസ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സഹകരണ മേഖലയുൾപ്പെടെയുള്ള ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന സ്വർണ്ണത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കിയിട്ടുണ്ടോ ; | (എ) | ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന സ്വർണ്ണത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് പട്രോളിംഗിന്റെ ഭാഗമായി ബാങ്കുകളും, പരിസരങ്ങളും നിരീക്ഷിച്ചുവരുന്നുണ്ട്. |
| (ബി) | സ്വർണ്ണ വില കുതിച്ചുയരുന്ന പശ്ചാത്തലത്തിൽ കവർച്ചകൾക്കെതിരെ എന്തെല്ലാം മുൻകരുതലുകളാണ് പോലീസ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) | സഹകരണമേഖല ഉൾപ്പെടെയുള്ള ബാങ്ക് അധികാരികൾ, ജൂവലറി ഉടമകൾ എന്നിവർക്ക് അവരവരുടെ സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ പോലീസ് നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ പട്ടാ ബുക്കുകൾ സ്ഥാപിച്ച് രാത്രികാല പട്രോളിംഗിന്റെ ഭാഗമായി ബാങ്കുകളും പരിസരങ്ങളും നിരീക്ഷിച്ചുവരുന്നു. മുൻകാലങ്ങളിൽ ഇത്തരത്തിലുള്ള കവർച്ചകളിൽ ഏർപ്പെട്ടിട്ടുള്ള പ്രതികളുടെ പേരുവിവരങ്ങൾ സൂക്ഷിയ്ക്കുകയും അവരെ നരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ബാങ്കുകൾ, സ്വകാര്യസ്ഥാപനങ്ങൾ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പേമെന്റ് വ്യവസ്ഥയിൽ പോലീസ് സേന നേരിട്ട് സെക്യൂരിറ്റി സംവധാനം നൽകുന്നതിനായി CISF മാതൃകയിൽ സംസ്ഥാന ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (SISF) രൂപീകരിക്കുന്നതിലേക്ക് 29.12.2011 ലെ G.O.(Ms) |

No. 289/11/Home പ്രകാരം 500 തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (സി) സ്വർണ്ണശേഖരമുള്ള ബാങ്കുകളിൽ മതിയായ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) ബന്ധപ്പെട്ട അധികാരികൾക്ക് സുരക്ഷാ മുന്നറിയിപ്പുകൾ നൽകുന്നതോടൊപ്പം ഇത്തരം സ്ഥാപനങ്ങൾക്ക് സംരക്ഷണവും പോലീസ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ